# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 24 | 2018 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## പുണ്യം പൂങ്കാവനത്തിൽ ജസ്റ്റിസ് സി.റ്റി. രവികുമാർ പങ്കാളിയായി

ശബരിമല: സന്നിധാനത്ത് ഭക്തജനത്തിരക്കു വർധിച്ചുവരുന്ന സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടി പുണ്യം പൂങ്കാവനം. ഹൈക്കോടതി ജഡ്ജ് ജസ്റ്റീസ് സി.റ്റി. രവികുമാറും ശബരിമല സ്പെഷ്യൽ കമ്മീഷണർ എം. മനോജും ഇന്നത്തെ പ്രവർത്തനങ്ങളിൽ പങ്കാളികളായി. സന്നിധാനത്തും പരിസരത്തും സംഘം നാല് ഗ്രൂപ്പുകളായി തിരിഞ്ഞാണ് മാലിന്യങ്ങൾ ശേഖരിച്ചത്. ആർ.എ.എഫ്. കമാൻറൻറ് ബി. ജയകൃഷ്ണൻ, ആർ.എ.എഫ്. ഡെപ്യൂട്ടി കമാൻറൻറ് ജി. ദിനേശ്, എൻ.ഡി.ആർ.എഫ്. ഡെപ്യൂട്ടി കമാൻറൻറ് ജി. വിജയൻ എന്നിവരടങ്ങിയ പ്രധാന സംഘം മാളികപ്പുറം, ഭസ്മകുളം, തിടപ്പിള്ളി എന്നിടങ്ങളിലെ മാലിന്യങ്ങൾ ശേഖരിച്ചു. ഒരു മണിക്കൂർ നീ ുനിന്ന മാലിന്യ ശേഖരണത്തിനു ശേഷം മാലിന്യങ്ങൾ വേർതിരിച്ചു സംസ്കരിക്കുന്നതിനായി സന്നിധാനത്തെ മാലിന്യ സംസ്കരണ പ്ലാൻറിലേക്കു കൈമാറി. തുടർന്ന് സന്നിധാനത്തും പരിസരത്തും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. എല്ലാ ഭാഷകളിലും പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തിയാണു ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചത്. അയ്യപ്പ സേവാ സംഘം, അയ്യപ്പ സേവാ സമാജം, ആർ.എ.എഫ്, എൻ.ഡി.ആർ.എഫ്, ഫോറസ്റ്റ്, എക്സൈസ്, ബാങ്ക് ഉദ്യോഗസ്ഥർ, ദേവസ്വം ജീവനക്കാർ, പോലീസ്, ആരോഗ്യം, മറ്റു വകുപ്പ് ഉദ്യോഗസ്ഥർ എന്നി

വരും പ്രവർത്തനങ്ങളിൽ പങ്കുചേർന്നു.

പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി പമ്പയിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. എസ്.ഒ. ഹരിശങ്കർ ഐ.പി.എസ്, ആർ.എ.എഫ്. ഡെപ്യൂട്ടി കമാൻറൻറ് മധു, എൻ.ഡി.ആർ.എഫ്. ഇൻസ്പെക്ടർ സി.ബി. സിങ്, പമ്പ സി.ഐ. വിജയൻ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഗണപതി കോവിൽ, കരിക്ക് വിൽപ്പന കേന്ദ്രം, പമ്പാ പാത, ത്രിവേണി, കൺട്രോൾ റൂം പരിസരം എന്നിവിടങ്ങളിൽനിന്നുള്ള മാലിന്യങ്ങളാണ് ശേഖരിച്ചത്. തുടർന്നു ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചു.

(പി.ആർ. ശബരി-104)

## കൊ   ുവരുന്ന മാലിന്യം സംസ്കരിക്കേ   തു ഭക്തരുടെ കടമ: ജസ്റ്റിസ് സി.റ്റി. രവികുമാർ

ശബരിമല: ഭക്തർ കൊ   ുവരുന്ന മാലിന്യം സംസ്കരിക്കേ   തു അവരുടെ തന്നെ കടമയാണെന്നു കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.റ്റി. രവികുമാർ. മാലിന്യസംസ്കരണം ഭക്തിയുടെ ഭാഗമായി തന്നെ കരുതണം. മാലിന്യ സംസ്കരണം ദിനചര്യയാക്കിയാൽ ഭാരതം വിശുദ്ധിയുടെ പ്രദേശമാകുമെന്നും അദ്ദേഹം പറഞ്ഞു. അവരവർ കൊ   ുവരുന്ന മാലിന്യം അവരവർ തന്നെ മാറ്റിയാൽ മണ്ഡലകാലം കഴിഞ്ഞാലും സന്നിധാനം പൂങ്കാവനമായി തന്നെ നിലനിൽക്കും. സന്നിധാനത്തെ മാലിന്യമുക്തമാക്കുന്നതിനായി രൂപീകരിച്ച പുണ്യം പൂങ്കാവനം പദ്ധതിയിൽ പങ്കുചേർന്നതിനുശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏറ്റവും സദുദ്ദേശത്തോടുകൂടി രൂപീകരിച്ച പദ്ധതിയാണ് പുണ്യം പൂങ്കാവനം. ഓരോരുത്തരും പദ്ധതിയിൽ പങ്കുച്ചേരണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

(പി.ആർ. ശബരി-105)

## സന്നിധാനത്ത് മലിനീകരണ നിയന്ത്രണ ബോർഡ് സുശക്തം

ശബരിമല: സന്നിധാനത്തെ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനും മലിനീകരണ നിർമാർജന പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നിയന്ത്രിക്കാനും ശക്തമായ പ്രവർത്തനങ്ങളുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്. ടോയ്ലെറ്റുകൾ, ഹോട്ടലുകൾ, അപ്പം, അരവണ പ്ലാന്റുകൾ തുടങ്ങിയവിടങ്ങളിൽ നിന്നുള്ള മലിനജലം ശുദ്ധീകരിക്കുന്ന പ്ലാന്റിൽ നിന്നുള്ള സാമ്പിളുകൾ നിരന്തര പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഇതിലെ കോളിഫോം ബാക്ടീരിയയുടെ അംശം, പി.എച്ച് മൂല്യം, ഓക്സിജന്റെ അളവ് തുട

ങ്ങിയവയും പരിശോധനയ്ക്ക് വിധേയമാക്കുന്നു ്. സന്നിധാനത്ത് പ്രവർത്തിക്കുന്ന ഇൻസിനേറ്ററുകളുടെ പ്രവർത്തനവും കൂടെക്കൂടെ നിരീക്ഷണത്തിന് വിധേയമാക്കുന്നു. കുടിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ചും പരിശോധനയ്ക്ക് വിധേയമാക്കുന്നു.

(പി.ആർ. ശബരി-106)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

## കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER **24** | **2018** |



### ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## സന്നിധാനത്തു വിരിവയ്ക്കുന്നതിനു വിപുലമായ സൗകര്യം

ശബരിമല: സന്നിധാനത്ത് ഭക്തർക്ക് വിരി വയ്ക്കുന്നതിന് വിപുലമായ സൗകര്യമൊരുക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ്. മേൽക്കൂര ഉള്ളവ, തുറന്നയിടം, പണം അടച്ചുള്ളത് എന്നിങ്ങനെ മൂന്നു തരത്തിലുള്ള വിരിപ്പന്തലുകളാണ് ഒരുക്കിയിട്ടുള്ളത്. മാംഗു അയ്യപ്പനിലയം, മാളികപ്പുറം നടപ്പന്തൽ, പ്രസാദം നടപ്പന്തൽ എന്നിവിടങ്ങളിലായി 4792 ചതുരശ്ര മീറ്റർ മേൽക്കൂരയുള്ള വിരിയിടവും മരാമത്ത് ഓഫീസിന് എതിർവശം, വടക്കേ നട എന്നിവിടങ്ങളിൽ 2516 ചതുരശ്ര മീറ്റർ മേൽക്കൂരയില്ലാത്ത വിരിയിടവും ഒരുക്കിയിട്ടു ്. ശബരി ഗസ്റ്റ് ഓഫീസിന് എതിർവശം 1823 ചതുരശ്ര മീറ്ററും പാ ിത്താവളത്ത് 1378 ചതുരശ്ര മീറ്ററും തുറന്ന വിരികേന്ദ്രവും സജ്ജമാണെന്നു സന്നിധാനം അസിസറ്റൻറ് എൻജിനിയർ സുനിൽ കുമാർ പറഞ്ഞു. കൂടാതെ അന്നദാന മണ്ഡപത്തിനു മുകളിൽ 30 രൂപ നിരക്കിൽ വിരി വയ്ക്കുന്നതിനും സൗകര്യമു ്. ദേവസ്വത്തിൽനിന്നു കരാറെടുത്തിരിക്കുന്നവർക്കാണ് ഈ വിരികേന്ദ്രത്തിൻെറ ചുമതല. വിരിയിടങ്ങൾക്കരികെ തന്നെ ഭക്തർക്ക് അവശ്യമായ ഔഷധ വെള്ള കൗ റുകളും ശൗചാലയങ്ങളും സജ്ജീകരിച്ചിട്ടു ്. കുടിവെള്ളത്തിനായി 283 ടാപ്പുകളാണുള്ളത്. ശൗചാലയങ്ങളിൽ 877 എണ്ണം സൗജന്യമാണ്. ക്യൂ കോമ്പ്ളക്സിൽ 96 പണം കൊടുത്ത് ഉപയോഗിക്കാവുന്ന

ശൗചാലയങ്ങളുമു ്. മാളികപ്പുറം, ചന്ദ്രാനന്ദൻ റോഡ് എന്നിവിടങ്ങളിലും സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേക ശൗചാലയങ്ങൾ ഒരുക്കിയിട്ടു ്. ശൗചാലയങ്ങളിലെല്ലാം ശുചിത്വം ഉറപ്പാക്കിയിട്ടു ്. ശൗചാലയങ്ങളുടേയും റൂമുകളുടേയും ശുചീകരണത്തിനായി പ്രത്യേക സംഘത്തേയും ദേവസ്വം ബോർഡ് സജ്ജമാക്കയിട്ടു ്.

(പി.ആർ. ശബരി-107)

## ഔഷധവെള്ളം: 37 കൗ റുകൾ സജീവം

ശബരിമല: സന്നിധാനത്ത് ഔഷധ കുടിവെള്ള വിതരണം പുരോഗമിക്കുന്നു. പരമ്പരാഗത പാതയിൽ നീലിമല ടോപ്പ് മുതൽ സന്നിധാനം വരെയും വാഹനങ്ങൾ പോകുന്ന പാതയിൽ ചരൽമേട് മുതൽ ജ്യോതിനഗർ വരെയും 37 കൗ റുകൾ പ്രവർത്തിക്കുന്നതായി സന്നിധാനം അസിസ്റ്റൻറ് എൻജിനിയർ സുനിൽ കുമാർ പറഞ്ഞു . ശബരീപീഠത്താണ് ബോയിലിങ് പ്ലാൻറ് സ്ഥിതിചെയ്യുന്നത്. ര ് പ്ലാന്റുകളിലായി പ്രതിദിനം 3000 ലിറ്റർ ഔഷധവെള്ളമാണ് ഉൽപ്പാദിപ്പിക്കുന്നത്. ചുക്ക്, പതിമുഖം, രാമച്ചംഎന്നിവ ചേർത്താണ് ഔഷധ കുടിവെള്ളം നിർമ്മിക്കുന്നത്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കുടിവെള്ളം ശരംകുത്തി മുതൽ മരക്കൂട്ടം വരെയും ശരംകുത്തി മുതൽ ആയുർവേദ ആശുപത്രി വരെയും പൈപ്പ് വഴിയാണ് എത്തിക്കുന്നത്. ഇങ്ങനെ പൈപ്പുവഴി വെള്ളം എത്തിക്കുന്ന 20 പോയിന്റുകളാണുള്ളത്. ബാക്കി പോയിൻറുകളിൽ ഗ്യാസ് ഉപയോഗിച്ച് വെള്ളം തിളപ്പിക്കുകയാണു ചെയ്യുന്നത്. 306 താൽകാലിക ജീവനക്കാരെയാണ് ഔഷധ കുടിവെള്ള വിതരണത്തിനായി നിയോഗിച്ചിട്ടുള്ളത്. എസ്.ഒ. സതീശൻ, ഓവർസിയർ ഇ.എസ്. പ്രമോദ് എന്നിവരുടെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ. 63 ദിവസം നീ ുനിൽക്കുന്ന സീസണായി 8,45,000 രൂപയാണ് ദേവസ്വം ബോർഡ് വകയിരുത്തിയിരിക്കുന്നത്. ഭക്തർക്ക് തികച്ചും സൗജന്യമായാണു കുടിവെള്ളം വിതരണം ചെയ്യുന്നത്. മകരവിളക്ക് ആകുമ്പോഴേക്കും കൂടുതൽ ഔഷധ കുടിവെള്ള കൗ റുകൾ ആരംഭിക്കുമെന്നും അസിസ്റ്റൻറ് എൻജിനിയർ വ്യക്തമാക്കി.

(പി.ആർ. ശബരി-108)

## പോളിയോ ബാധിച്ച കാലുകളുമായി ആറാം തവണയും അയ്യനെ തൊഴുത് സുരേഷ്

ശബരിമല: പോളിയോ ബാധിച്ച കാലുകളുമായി ആറാം തവണയും തമിഴ് നാട് വെല്ലൂർ സ്വദേശി സുരേഷ് ബാബു സന്നിധാനത്തെത്തി അയ്യനെ

വണങ്ങി. ഫാർമസിസ്റ്റായ സുരേഷിന് ഒന്നര വയസ്സുള്ളപ്പോഴാണു പോളിയോ ബാധിച്ച് കാലുകൾ തളർന്നത്. അയ്യനെ ക ു നേരിട്ടു വണങ്ങണമെന്ന ദൃഢനിശ്ചയമാണ് തന്നെ ഇവിടെ എത്തിച്ചതെന്നു സുരേഷ് പറഞ്ഞു. സഹോദരൻ ധനശേഖറുടെ കൂടെ പമ്പയിലെത്തിയ സുരേഷ് അവിടെനിന്നു ഡോളിയുടെ സഹായത്തോടെയാണ് സന്നിധാനത്തെത്തിയത്. വലിയ നടപ്പന്തൽ മുതൽ പോലീസ് സഹായത്തിനെത്തി. പതിനെട്ടാംപടി ചവിട്ടി അയ്യനെ ദർശിക്കുന്നതുവരെ എല്ലാത്തിനും കൂടെയു ായിരുന്ന പോലീസിനു നന്ദി പറഞ്ഞാണ് സുരേഷ് മടങ്ങിയത്.

(പി.ആർ. ശബരി-109)

## ശബരിമലയിൽ പാമ്പുകളെ പിടികൂടി

ശബരിമല: സന്നിധാന പരിസരപ്രദേശങ്ങളിൽ നിന്ന് മണ്ഡലമഹോത്സവം ആരംഭിച്ചതിനുശേഷം ഇതുവരെ 45 പാമ്പുകളെ പിടികൂടി. പോലീസ് ബാരക്ക്, പോലീസ് ഓഫീസേഴ്സ് മെസ്, വയർല്സ് സ്റ്റേഷൻ, കെ.എസ്.ഇ.ബി, മാംഗു അയ്യപ്പനിലയം പരിസരം, മാളികപ്പുറത്തിന് സമീപം, ദേവസ്വം മെസ്, ശരംകുത്തി എന്നിവിടങ്ങളിൽ നിന്നാണ് പാമ്പുകളെ ക ത്തിയത്. മൂർഖൻ, അണലി, ശംഖ്വരയൻ, കാട്ടുപാമ്പ്, ചേര, വളവളപ്പൻ, വില്ലൂന്നി പിറ്റ് വൈപ്പർ എന്നീയിനം പമ്പുകളെയാണ് പിടികൂടിയത്. വനംവകുപ്പിന്റെ പാമ്പുപിടിത്ത വിദഗ്ധൻ ഗോപിശെൽവന്റെ നേതൃത്വത്തിലാണ് വനംവകുപ്പ് അധികൃതർ പാമ്പുകളെ പിടികൂടിയത്.

ശനിയാഴ്ച മാളികപ്പുറത്തിന് സമീപം ഒരു മൂർഖൻപാമ്പിനെ പിടികൂടിയിരുന്നു. പിടികൂടുന്ന പാമ്പുകളെ ഉൾവനത്തിൽ കൊ ുപോയി തുറന്നുവിടുകയാണ് പതിവ്. ആസ്ബറ്റോസ് പോലുള്ള കെട്ടിടാവശിഷ്ടങ്ങൾക്കിടയിലാണ് പാമ്പുകളെ കാണപ്പെടുകയെന്ന് വനംവകുപ്പ് റേഞ്ച് ഓഫീസർ അരവിന്ദ് ബാലകൃഷ്ണൻ പറഞ്ഞു.

(പി.ആർ. ശബരി-110)

## മൃഗങ്ങളിൽനിന്ന് അകലം പാലിക്കണം

ശബരിമല: സന്നിധാനം പരിസരത്ത് ഭക്ഷണംതേടി അലഞ്ഞ് തിരിഞ്ഞുനടക്കുന്ന കാട്ടുപന്നികളിൽനിന്നും മൃഗങ്ങളിൽനിന്നും അയ്യപ്പഭക്തന്മാർ അകലം പാലിക്കണമെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. പ്രജനനകാലമായതിനാൽ പന്നികൾക്ക് അക്രമസ്വഭാവമു ാകും. പെൺപന്നികൾ കടിയ്ക്കുകയും ആൺപന്നികൾ തേറ്റകൊ ് ആക്രമിക്കുകയും ചെയ്യും. ഇതൊഴിവാക്കാൻ ജാഗ്രതപാലിക്കണമെന്നും മൃഗങ്ങളിൽനിന്ന് മൂന്നുമീറ്റർവരെ അകലം പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

(പി.ആർ. ശബരി-111)

## വിവരമറിയിക്കാൻ കൺട്രോൾ റൂം

ശബരിമല: പാമ്പുകളുടെയോ വന്യമൃഗങ്ങളുടെയോ ശല്യമു   ായാൽ വിവരമറിയിക്കാൻ കൺട്രോൾ റൂം സന്നിധാനം വലിയ നടപ്പന്തലിനടുത്ത്  പെരിയാർ ടൈഗർ റിസർവ് ഫോറസ്റ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ഇൻസ്പെക്ഷൻ ബംഗ്ലാവിന് സമീപം കൺട്രോൾ റൂം പ്രവർത്തിക്കുന്നു. 04735-202077 എന്ന നമ്പരിൽ വിവരമറിയിക്കണം.

(പി.ആർ. ശബരി-112)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER 24 | 2018 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## അഭിഷേകത്തിനു ഇനി മാളികപ്പുറം കൊക്കരണിയിലെ ജലം

ശബരിമല: ദേവപ്രശ്ന വിധി നടപ്പാക്കി ദേവസ്വം ബോർഡ്. ഇനി മുതൽ സന്നിധാനത്തും മാളികപ്പുറത്തും തിടപ്പള്ളിയിലും പരമ്പരാഗത ജലസ്രോതസായ മാളികപ്പുറം കൊക്കരണിയിലെ ജലമായിരിക്കും ഉപയോഗിക്കുക. പദ്ധതിയുടെ സ്വിച്ച് ഓൺ കർമ്മം ദേവസ്വം മെമ്പർ കെ.പി. ശങ്കരദാസ് നിർവഹിച്ചു. മാളികപ്പുറം ക്ഷേത്രത്തിൻെറ മീനം രാശിയിൽ സ്ഥിതിചെയ്യുന്ന ജലസ്രോതസാണിത്. 1956 ഏപ്രിൽ 14 വരെ(കുന്നാർ സ്രോതസിൽനിന്നുള്ള ജലം എടുക്കുന്നതുവരെ) ഈ കൊക്കരണിയിൽനിന്നുള്ള വെള്ളമാണു സന്നിധാനത്ത് ഉപയോഗിച്ചിരുന്നത്. പതിനെട്ടാം പടിയിൽ ഭക്തർ ഉപയോഗിക്കുന്നതും ഇതേ സ്രോതസിൽനിന്നുള്ള വെള്ളമാണ്. കൊക്കണരിയിൽനിന്നുള്ള വെള്ളം സന്നിധാനത്തു തന്ത്രിയുടെ മുറിക്കു മുകളിലുള്ള ഫിൽറ്റർ പ്ലാൻറിൽ ശുദ്ധീകരിച്ച് ശേഖരിക്കും. കഴിഞ്ഞ ദേവ പ്രശ്നത്തിൽ മാളികപ്പുറം കൊക്കരണിയിലെ ജലം തന്നെ ശുദ്ധീകരിച്ച് പൂജകൾക്കായി ഉപയോഗിക്കണമെന്നു വിധിച്ചിരുന്നു.

(പി.ആർ. ശബരി-113)

## സന്നിധാനത്ത് ഭക്തജനത്തിരക്ക്

ശബരിമല: സന്നിധാനത്ത് ഭക്തജനത്തിരക്ക് വർധിച്ചു. ശനി, ഞായർ അവധി ദിനങ്ങളായതിനാൽ ഇതരസംസ്ഥാന ഭക്തരുടെ എണ്ണത്തിലാണ് വർധനയു ായത്. തിരക്കു വർധിച്ചതിനാൽ പോലീസ് ചെക്ക് പോയിന്റിൽ തിരക്ക് നിയന്ത്രിച്ച് ഭക്തർക്ക് ദർശനത്തിനു സൗകര്യമൊരുക്കി. വലിയ നടപ്പന്തലിലും മാളികപ്പുറത്തും ക്യൂവിലുള്ള ഭക്തർക്ക് ഔഷധവെള്ളം വിതരണം ചെയ്തു. സുഗമമായ ദർശനത്തിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതിനാൽ തൃപ്തികരമായി ദർശനത്തിന് സാധിച്ചുവെന്ന് ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തിയ അയ്യപ്പന്മാർ പറഞ്ഞു.

(പി.ആർ. ശബരി-114)

## ഐ ജി സുരക്ഷാ പരിശോധന നടത്തി

ശബരിമല: സന്നിധാനത്ത് സുരക്ഷാ ചുമതലയുള്ള ഐ ജി വിജയ് സാഖ്റെ സുരക്ഷാ നടപടികൾ അവലോകനം ചെയ്തു. ഭക്തർക്ക് സുഗമമായ ദർശനം ഉറപ്പുവരുത്തി സുരക്ഷാ നടപടികൾ തുടരുമെന്ന് ഐ ജി പറഞ്ഞു. ക്രമീകരണങ്ങൾ സാങ്കേതികമായി ശക്തമാക്കും. സന്നിധാനം മുതൽ മരക്കൂട്ടം വരെ ഐ ജിയുടെ നേതൃത്വത്തിൽ വിവിധ പോലീസ് ഉദ്യോഗസ്ഥർ സന്ദർശിച്ചു. ഭക്തരിൽ നിന്ന് അഭിപ്രായം ചോദിച്ചറിഞ്ഞു. പോലീസ് തികച്ചും സൗഹാർദ്ദപരമായാണ് പെരുമാറുന്നതെന്നും സുഖദർശനം സാധിച്ചതിൽ നന്ദിയു ന്നും സന്നിധാനത്ത് ഐ ജിയുമായി അഭിപ്രായം പങ്കുവെച്ച ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്തർ പറഞ്ഞു.
സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ പ്രതീഷ്കുമാർ, എ എസ് ഒ പ്രജീഷ് തോട്ടത്തിൽ പോലീസ് സൂപ്ര ് വിക്രം എന്നിവർ ഐ ജി വിജയ് സാഖ്റയെ അനുഗമിച്ചു. –

(പി.ആർ. ശബരി-115)

## കെ.എസ്.ആർ.ടി.യുടെ സ്പെഷ്യൽ സർവീസുകൾ കൂടുതൽ പ്രയോജനകം

ശബരിമല: ഭക്തജനങ്ങൾക്ക് ശബരീശ സന്നിധിയിലേയ്ക്കുള്ള യാത്ര സുഗമമാക്കാൻ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയ സ്പെഷ്യൽ സർവീസുകൾ ദിനംപ്രതി കൂടുതൽ പ്രയോജനകരമാകുന്നു. വെള്ളിയാഴ്ച(23-11-18) 144 ബസുകൾ പമ്പയിലേയ്ക്ക് എത്തിച്ചേർന്നു. 151 ബസുകൾ പമ്പയിൽ നിന്നും സർവീസ് നടത്തി. പമ്പ-നിലയ്ക്കൽ ചെയിൻ സർവീസ് 604 സർവീസുകൾ നടത്തി. ഇതിൽ 143 എ.സി. ബസുകളും 442 നോൺ എ.സി. ബസുകളും ഉൾ

പ്പെടുന്നു. 19 ഇലക്ട്രിക് ബസുകൾ സർവീസ് നടത്തി. ത്രിവേണിയിൽ നിന്നും പമ്പയിലേയ്ക്ക് 24 മണിക്കൂറും സൗജന്യ സർവീസും കെ.എസ്.ആർ.ടി.സി. നടത്തി വരുന്നു.

(പി.ആർ. ശബരി-116)

## ഫോഗിങ്ങും സ്പ്രേയിങ്ങും നടത്തി

ശബരിമല: സന്നിധാനത്തും പരിസരത്തും കൊതുകു നശീകരണത്തിന്റെ ഭാഗമായി ഫോഗിങ്ങും സ്പ്രേയിങ്ങും നടത്തി. രോഗപ്രതിരോധ പ്രവർത്തന ങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പാണ് പ്രവർത്തനങ്ങൾ നടത്തിയത്. വരും ദിവസങ്ങളിലും പ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്നു അധികൃതർ അറിയിച്ചു.

(പി.ആർ. ശബരി-117)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.